വിദ്യാഭ്യാസ ഗ്രാന്റ്

230 (6935) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചിട്ടുള്ള എസ്.സി. വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പു മുഖേന വിദ്യാഭ്യാസ ഗ്രാന്റ് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എത്ര കുട്ടികൾക്കാണ് 2013-14 വിദ്യാഭ്യാസ വർഷത്തിൽ ഗ്രാന്റ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവർ ഏതെല്ലാം കോളേജുകളിലാണ് പഠിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ വഴിയുള്ളവിദ്യാഭ്യാസ വായ്പ

231 (6936) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ 2011-12, 2012-13, 2013-14 കാലയളവിൽ വിതരണം ചെയ്ത വിദ്യാഭ്യാസ വായ്പാത്തുക എത്ര വീതം ;

(ബി) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; വരുമാനപരിധിയില്ലാതെ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇൻഡ്യയിലും വിദേശത്തും പ്രൊഫഷണൽ കോഴ്സുകൾക്ക് അനുവദിക്കുന്ന വായ്പാത്തുക അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2011-12, 2012-13, 2013-14 കാലയളവിൽ വിതരണം ചെയ്ത വിദ്യാഭ്യാസ വായ്പാ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

പദ്ധതി	2011-12	2012-13	2013-14
വിദ്യാഭ്യാസ വായ്പ (കോർപ്പറേഷന്റെ സ്വന്തം മൂലധനംമാത്രം ഉപയോഗിച്ചുള്ളത്)	38.80	31.49	44.53
വിദേശ വിദ്യാഭ്യാസ വായ്പ (കോർപ്പറേഷന്റെ സ്വന്തം മൂലധനം മാത്രം ഉപയോഗിച്ചുള്ളത്)	6.66	6.10	11.98
വിദ്യാഭ്യാസ വായ്പ (ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ പുനർ വായ്പ ഉപയോഗിച്ചുള്ളത്)	1.55	0.75	2.52
ആകെ	47.01	38.34	59.03

(ബി) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി ചുവടെപ്പറയും പ്രകാരമാണ്.

പദ്ധതി	വാർഷിക കുടുംബ വരുമാന പരിധി
(1)	(2)
വിദ്യാഭ്യാസ വായ്പ (കോർപ്പറേഷന്റെ സ്വന്തം മൂലധനം മാത്രം ഉപയോഗിച്ചുള്ളത്)	3.50 ലക്ഷം രൂപ വരെ
വിദേശ വിദ്യാഭ്യാസ വായ്പ (കോർപ്പറേഷന്റെ സ്വന്തം മൂലധനം മാത്രം ഉപയോഗിച്ചുള്ളത്)	5.00 ലക്ഷം രൂപ വരെ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
വിദ്യാഭ്യാസ വായ്പ (ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ പുനർ വായ്പ ഉപയോഗിച്ചുള്ളത്)	ഗ്രാമ പ്രദേശങ്ങളിൽ 81,000 രൂപ വരെയും നഗര പ്രദേശങ്ങളിൽ 1,03,000 രൂപ വരെയും കോർപ്പറേഷന് ലഭ്യമാകുന്ന വാർഷിക മൂലധന വിഹിതം പരിമിതമായതിനാലും അപേക്ഷകരുടെ ബാഹുല്യം പരിഗണിച്ചും കോർപ്പറേഷൻ നടപ്പിലാക്കുന്ന വിദ്യാഭ്യാസ വായ്പാ പദ്ധതിയുടെ വരുമാന പരിധി എടുത്തുകളയുന്നതിന് കഴിയില്ല. ദേശീയ ധനകാര്യ കോർപ്പറേഷന്റെ വായ്പയുടെ വരുമാന പരിധി നിശ്ചയിക്കുന്നത് ടി കോർപ്പറേഷൻ തന്നെയാണ്.

(സി) ഇല്ല.

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളുടെ നിലവാരം

232 (6937) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളുടെ നിലവാരമുയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളും സാങ്കേതികവിദ്യകളുമാണ് ഇതിനായി പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കാമോ ;

(ഡി) പദ്ധതിക്കായി എത്രതുക വിനിയോഗിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളുടെ നിലവാരമുയർത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly